05-12-2021

SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : George Sebastian    Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 05/12/2021

1. കർഷകക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കാൻ കർഷകർക്ക് ഈ മാസം 8 (ഡിസംബർ 8) മുതൽ http://kfwfb.kerala.gov.in എന്ന വെബ് പോർട്ടൽ വഴി അപേക്ഷിക്കാം. നിലവിൽ കർഷക പെൻഷൻ ലഭിക്കുന്നവർക്ക് തുടർന്ന് ക്ഷേമനിധി മുഖേനയാണ് പെൻഷൻ ലഭിക്കുക. പതിനെട്ടിനും 55-നും ഇടയിൽ പ്രായമുള്ള, മൂന്നു വർഷത്തിൽ കുറയാതെ കൃഷി പ്രധാന ഉപജീവനമാർഗമായി സ്വീകരിക്കുകയും മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗമല്ലാത്തവരുമായ കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. 100 രൂപ രജിസ്ട്രേഷൻ ഫീസടച്ച് അപേക്ഷിക്കണം. അഞ്ച് സെന്റിൽ കുറയാതെയും 15 ഏക്കറിൽ കവിയാതെയും ഭൂമി കൈവശമുള്ള, അഞ്ചു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരാകണം അപേക്ഷകർ. ഉദ്യാനകൃഷി, ഔഷധ സസ്യക്കൃഷി, നഴ്സറി നടത്തിപ്പ് എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മത്സ്യം, അലങ്കാരമത്സ്യം, കക്ക, തേനീച്ച, പട്ടുനൂൽപ്പുഴു, കോഴി, താറാവ്, ആട്, മുയൽ, കന്നുകാലി ഉൾപ്പെടെയുള്ളവയെ പരിപാലിക്കുന്നവർക്കും അപേക്ഷിക്കാം. ക്ഷേമനിധിയിൽ അംഗമാകുന്നവർ മാസംതോറും അംശാദായം അടയ്ക്കണം. ആറ് മാസത്തെയോ ഒരു വർഷത്തെയോ തുക ഒന്നിച്ച് അടയ്ക്കാനുമുള്ള സൗകര്യം ലഭ്യമാണ്. 100 രൂപയാണ് കുറഞ്ഞ പ്രതിമാസ അംശാദായത്തുക. 250 രൂപവരെയുള്ള അംശാദായത്തിന് തുല്യമായ വിഹിതം സർക്കാരും അടക്കും. അഞ്ചു വർഷത്തിൽ കുറയാതെ അംശാദായം അടയ്ക്കുകയും കുടിശ്ശികയില്ലാതെ ക്ഷേമനിധിയിൽ അംഗമായി തുടരുകയും 60 വയസ്സ് പൂർത്തിയാക്കുകയും ചെയ്ത കർഷകർക്ക് അടച്ച അംശാദായത്തിന്റെ ആനുപാതികമായി പെൻഷൻ ലഭിക്കുന്നതാണ്. കുറഞ്ഞത് അഞ്ചു വർഷം അംശാദായം കുടിശ്ശികയില്ലാതെ അടച്ചശേഷം മരണമടയുന്നവരുടെ കുടുംബത്തിനാണ് കുടുംബ പെൻഷൻ ലഭിക്കുക.

2. അന്താരാഷ്ട്ര മണ്ണു ദിനം പ്രമാണിച്ച് തിരുവനന്തപുരം മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബും ശ്രീകാര്യം കൃഷിഭവനും സംയുക്തമായി വികാസ് നഗർ റസിഡന്റ്സ് ഓപ്പൺ സ്റ്റേജിൽ വച്ച് സംഘടിപ്പിക്കുന്ന സെമിനാർ, കേരളത്തിലെ വിവിധതരം മണ്ണിനങ്ങളുടെയും സോയിൽ മാപ്പിന്റെയും പ്രദർശനം, സൗജന്യ മണ്ണു പരിശോധന എന്നിവയുടെയും ഉദ്ഘാടനം ഇന്ന് (05.12.2021) രാവിലെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

9.30-ന് കഴക്കൂട്ടം എം.എൽ.എ കടകംപള്ളി സുരേന്ദ്രൻ നിർവഹിക്കും. രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ നടത്തി സെമിനാറിൽ പങ്കെടുക്കുന്ന ആദ്യ 40 പേർക്ക് മണ്ണ് സാമ്പിളുകൾ ഇന്നു തന്നെ പരിശോധിച്ച് റിസൾട്ടും വളം ശുപാർശയും നൽകുന്നതാണ്.

3. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് കീഴിൽ തിരുവനന്തപുരം പാറോട്ടുകോണത്ത് സ്ഥിതിചെയ്യുന്ന ജില്ലാമണ്ണ് പരിശോധന ശാലയിൽ കൃഷി ഓഫീസറുടെ ശുപാർശ കത്തോടുകൂടി വരുന്ന കർഷകർക്ക് സൗജന്യമായി മണ്ണ് പരിശോധിച്ച് വളപ്രയോഗ ശുപാർശ നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2533044** എന്ന ഫോൺ നമ്പരിലോ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ്, ജില്ലാ മണ്ണ് പരിശോധനശാല, പാറോട്ടുകോണം, തിരുവനന്തപുരം എന്ന വിലാസത്തിലോ ബന്ധപ്പെടുക.

4. തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട്, കൊല്ലം ജില്ലയിലെ ഇട്ടിവ, കരീപ്ര, ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം, എറണാകുളം ജില്ലയിലെ കോട്ടുവള്ളി, കോട്ടയം ജില്ലയിലെ കറുകച്ചാൽ, കോഴിക്കോട് ജില്ലയിലെ കടലുണ്ടി, വേളം, കണ്ണൂർ ജില്ലയിലെ മങ്ങാട്ടിടം, പെരളശ്ശേരി തുടങ്ങി 10 ജില്ലകളിൽ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന ക്ഷീരഗ്രാമം പദ്ധതിയിലേയ്ക്കുള്ള അപേക്ഷകൾ **ksheerasree.kerala.gov.in** എന്ന പോർട്ടൽ മുഖാന്തിരം ഓൺലൈനായി ഈ മാസം 18 വരെ (**ഡിസംബർ** 18 വരെ) സമർപ്പിക്കാം.

5. വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് നടപ്പു സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പദ്ധതി ആയി നടപ്പിലാക്കുന്ന പട്ടിക വർഗ്ഗ വനിതകൾക്കായുള്ള **പോത്തുക്കുട്ടി വളർത്തൽ പ്രോജക്റ്റ്** പ്രകാരം അംഗീകൃത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളുടെ യോഗം ഈ മാസം 6-ന് (06.12.2021) ഉച്ചയ്ക്കു 6 മണിക്ക് കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ മീറ്റിംഗ് ഹാളിൽ വച്ച് കൂടുന്നതാണെന്ന് പള്ളിക്കുന്ന് മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു.

## പരിശീലന പരിപാടികൾ

6. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 13 മുതൽ 18 വരെ **തെങ്ങിന്റെ ചങ്ങാതിക്കൂട്ടം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0496 2966041** എന്ന നമ്പരിൽ ബന്ധപ്പെടുക.

7. വലിയതുറ സ്റ്റേറ്റ് ഫോഡർഫാമിനോടനുബന്ധിച്ചുള്ള തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ വച്ച് ഈ 9,10 (**ഡിസംബർ 9,10**) തീയതികളിൽ രാവിലെ 10.30 മുതൽ **സൈലേജ് ഫോഡർ മാർക്കറ്റിംഗ്** എന്ന വിഷയത്തിൽ രണ്ട് ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ഡിസംബർ 8-ന് വൈകിട്ട് 4 മണിക്ക് മുമ്പായി **8078599881, 9400831831** എന്നീ നമ്പരുകളിൽ എന്നീ നമ്പരുകളിൽ വാട്ട്സാപ്പ് നമ്പരിൽ നിന്നും വിളിച്ച് പേര് രജിസ്റ്റർ ചെയ്യണമെന്ന് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

8. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 9,10 തീയതികളിൽ ക്ഷീരകർഷകർക്കായി **തീറ്റപ്പുൽവളർത്തലിൽ** പരിശീലനം നടത്തുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്കാണ് പരിശീലനം. പ്രവേശന ഫീസ് 20 രൂപയാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർഡ്, ബാങ്ക് പാസ്ബുക്ക്, രണ്ട് ഡോസ് കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ് പ്രവേശന സമയത്ത് ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0495 – 2414579** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്ററിൽ ക്ഷീരകർഷകർക്കായി **ശാസ്ത്രീയ പശുപരിപാലനം** എന്ന വിഷയത്തിൽ നാളെ മുതൽ 10 വരെ (ഡിസംബർ 6 മുതൽ 10 വരെ) 5 ദിവസത്തെ പരിശീലനം നടത്തുന്നു. **0473-4299869, 9495390436, 9656936426** എന്നീ നമ്പരുകളിൽ വിളിച്ചോ വാട്ട്സാപ്പ് ചെയ്തോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്ക് ട്രെയിനിംഗിൽ പങ്കെടുക്കാം.

10. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **8,9 തീയതികളിൽ ആട് വളർത്തൽ, 14,15 തീയതികളിൽ മുട്ടക്കോഴി വളർത്തൽ, 20,21 തീയതികളിൽ ഇറച്ചിക്കോഴി വളർത്തൽ, 22-ന് തീറ്റപ്പുൽകൃഷി** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471-2732918** എന്ന നമ്പരിൽ ബന്ധപ്പെടുക.